# പതിനഞ്ചാം കേരള നിയമസഭ
# (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി IV
## (SUBJECT COMMITTEE IV)

## വ്യവസായവും ധാതുക്കളും
## (INDUSTRY AND MINERALS)

### ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
### അഞ്ചാമത് റിപ്പോർട്ട്
### (2025-2026)

**FIFTH REPORT ON THE SCRUTINY OF DEMANDS FOR GRANTS**
**(2025-2026)**

**2025 മാർച്ച് 3-ാം തീയതി സമർപ്പിച്ചത്**
**(Presented on 3rd March, 2025)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2025

പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി IV
# (SUBJECT COMMITTEE IV)

## വ്യവസായവും ധാതുക്കളും
## (INDUSTRY AND MINERALS)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
അഞ്ചാമത് റിപ്പോർട്ട്
(2025-2026)

FIFTH REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2025-2026)

297/2025.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി IV
## (വ്യവസായവും ധാതുക്കളും)
## (2023-2026)

**ഘടന**

ചെയർപേഴ്സൺ :

ശ്രീ. പി. രാജീവ്,
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. കെ. ബാബു (നെന്മാറ)

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. വി. ശശി

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, ജോയിന്റ് സെക്രട്ടറി

ശ്രീ. അനിൽ കുമാർ ബി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി.

## അവതാരിക

2025-2026 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനയുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

2025 ഫെബ്രുവരി 18, 25 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം ധനാഭ്യർത്ഥന നമ്പർ XXXVII—വ്യവസായങ്ങൾ എന്നതിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

ധനാഭ്യർത്ഥന നമ്പർ XXXVII സംബന്ധിച്ച് വ്യവസായ വകുപ്പിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2025 ഫെബ്രുവരി 27-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

പി. രാജീവ്,
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി IV.*

തിരുവനന്തപുരം,
2025 മാർച്ച് 3.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XXXVII - വ്യവസായങ്ങൾ

വോട്ട് ചെയ്തത് : 2062.3011 കോടി രൂപ

ചാർജ് ചെയ്തത് : ഇല്ല

2407-60-001-99—പ്ലാന്റേഷൻ ഡയറക്ടറേറ്റ്

ബഡ്ജറ്റ് വിഹിതം : 3 കോടി രൂപ (പ്ലാൻ)

1. പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ തോട്ടം മേഖലയുടെ സമഗ്ര വികസനത്തിനായി ആസൂത്രണം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2851-00-101-89—വ്യവസായ പ്രദേശം/പാർക്കുകളിൽ സംരംഭകർക്ക് ഭൂമി നിക്ഷേപ വിലയുടെ പലിശ ധനസഹായം

ബഡ്ജറ്റ് വിഹിതം: 1 കോടി രൂപ (പ്ലാൻ)

2. സർക്കാർ വ്യാവസായിക എസ്റ്റേറ്റുകളിലും/പാർക്കുകളിലും പുതിയ സംരംഭകരെ ആകർഷിച്ചുകൊണ്ട് കൂടുതൽ നിക്ഷേപവും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനോടൊപ്പം നിക്ഷേപ സൗഹൃദമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിയിൻ കീഴിൽ സർക്കാർ നിർദ്ദേശിക്കുന്ന വ്യവസ്ഥയ്ക്കും മാനദണ്ഡങ്ങൾക്കും വിധേയമായി പുതിയ സംരംഭം ആരംഭിക്കുന്നതിനായി മുന്നോട്ട് വരുന്ന നിക്ഷേപകന് ഭൂമിയുടെ നിക്ഷേപ ചെലവിന്റെ ഒരു ഭാഗത്തിന്റെ പലിശ ഭാരം നിശ്ചിത കാലയളവിലേക്ക് വ്യവസായ ഏജൻസികൾക്ക നൽകി അവരിൽ നിന്നും വ്യാവസായിക ഭൂമി ലഭ്യമാക്കുക എന്ന ആവശ്യത്തിലേയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2851-00-102-84-(01)-33—സംരംഭക സഹായ പദ്ധതി/സംസ്ഥാന നിക്ഷേപ പദ്ധതി - സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 80 കോടി രൂപ (പ്ലാൻ)

3. വകുപ്പിന്റെ സുപ്രധാന ഫ്ലാഗ്ഷിപ്പ് പദ്ധതിയായ സംരംഭക സഹായ പദ്ധതി പ്രകാരം എം. എസ് .എം. ഇ. വിഭാഗത്തിൽ അപേക്ഷകരുടെ എണ്ണം ഉയർന്നിട്ടുള്ളതിനാലും 2023-24 സാമ്പത്തികവർഷം മുതലുള്ള അപേക്ഷകർക്ക് പൂർണ്ണമായി തുക അനുവദിക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതിനാലും 2025-26 സാമ്പത്തിക വർഷം പാസാകുന്ന അപേക്ഷകൾ കൂടി പരിഗണിക്കേണ്ടതുള്ളതിനാലും പ്രസ്തുത പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 40 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2851-00-102-17(02)—പ്രധാനമന്ത്രി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭക സ്കീം (60% സി. എസ് .എസ് . ) - സംസ്ഥാന വിഹിതം

ബഡ്ജറ്റ് വിഹിതം: 8 കോടി രൂപ (പ്ലാൻ)

4. ആത്മ നിർഭർ ഭാരത് അഭിയാന്റെ ഭാഗമായി വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ PMFME പദ്ധതി മുഖേന ഭക്ഷ്യ സംസ്കരണ മേഖലയിലെ ചെറുകിട സംരംഭങ്ങളുടെ വിപുലീകരണം നടത്തുന്നതിനും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 28 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2851-00-103-74—പരിശീലനവും വികസനവും

ബഡ്ജറ്റ് വിഹിതം : 3.20 കോടി രൂപ (പ്ലാൻ)

5. ഹാൻഡ്‌ലൂം വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശ പ്രകാരം കൈത്തറി മേഖലയിലെ നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പരിശീലനം, വകുപ്പ് ഉദ്യോഗസ്ഥർക്കുള്ള ഓറിയന്റേഷൻ പരിശീലനം, ഡയറക്ടറേറ്റ്, ജില്ലാ വ്യവസായ ഓഫീസുകൾ എന്നിവിടങ്ങളിലെ ഐ.ടി. ഉപകരണങ്ങളുടെ അപ്ഗ്രഡേഷൻ, മെയിന്റനൻസ്, കണ്ണൂരിലെ ഐ.ഐ.എച്ച്.ടി.-യ്ക്കുള്ള ഗ്രാന്റ് എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.80 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു .

2851-00-103-38—നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പദ്ധതി

ബഡ്ജറ്റ് വിഹിതം : 4.5 കോടി രൂപ (പ്ലാൻ)

6. സർക്കാർ നിശ്ചയിച്ച അളവിൽ കൂടുതൽ നെയ്യുന്നവർ/നൂൽ ചുറ്റുന്നവർ എന്നിവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന ഈ പദ്ധതിയിൽ വസ്ത്രങ്ങളുടെ ഓരോ അധിക മീറ്ററിനും ഇരട്ടി വേതനവും പരമാവധി 1000 രൂപ ധനസഹായവും നൽകുന്നതിനോടൊപ്പം സ്ട്രീറ്റ് വാർപ്പിംഗ് പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തിഗത അനുബന്ധ തൊഴിലാളികൾക്കും/കൈത്തറി കൺസോർഷ്യങ്ങൾക്കും ആനുകൂല്യങ്ങൾ വിപുലീകരിക്കേണ്ടതുള്ളതിനാലും ഈ പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2851-00-103-37—കൈത്തറി ഗ്രാമം, സംയോജിത കൈത്തറി ഗ്രാമം എന്നിവ സ്ഥാപിക്കൽ

ബഡ്ജറ്റ് വിഹിതം : 10 ലക്ഷം രൂപ (പ്ലാൻ)

7. എറണാകുളം ജില്ലയിലെ ചേന്ദമംഗലത്ത് കൈത്തറി ഗ്രാമം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് രണ്ടാം ഘട്ട പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനോടൊപ്പം യന്ത്രസാമഗ്രികളും ഉൽപ്പന്നങ്ങളും വാങ്ങുന്നതിലേയ്ക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2851-00-103-24—നാട്ടുകാണിയിലെ ടെക്സ്റ്റൈൽസ് പ്രോസസിംഗ് സെന്റർ

ബഡ്ജറ്റ് വിഹിതം : 10 ലക്ഷം രൂപ (പ്ലാൻ)

8. നാട്ടുകാണിയിലെ ടെക്സ്റ്റൈൽസ് പ്രോസസിംഗ് സെന്ററിന്റെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം മുതൽ കണ്ണൂർ വരെയുള്ള സൊസൈറ്റികളിൽ നിന്ന് ഉൽപ്പന്നങ്ങൾ സംഭരിക്കുകയും തിരികെ സൊസൈറ്റികൾക്ക് എത്തിക്കുന്നതിനുമുള്ള ഗതാഗത ചെലവുകൾക്കും അടിസ്ഥാന സൗകര്യ വികസനങ്ങൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2851-00-103-23—കാഞ്ഞിരോട് കൈത്തറി ഗ്രാമം/ഹാന്റ് ലൂം വില്ലേജ്

ബഡ്ജറ്റ് വിഹിതം : 10 ലക്ഷം രൂപ (പ്ലാൻ)

9. കണ്ണൂരിലെ കാഞ്ഞിരോട് സമഗ്ര കൈത്തറി ഗ്രാമം സ്ഥാപിക്കുക എന്ന പദ്ധതി ആരംഭിക്കുന്നതിലേക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2851-00-105-99-31—കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഭരണപരമായ ചെലവുകൾ-സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം : 47.8559 കോടി രൂപ (നോൺ പ്ലാൻ)

10. കേരള ഖാദി ഗ്രാമവ്യവസായ ബോർഡിൽ ശമ്പളപരിഷ്കരണ കുടിശ്ശികയും പെൻഷൻ കുടിശ്ശികയും വിരമിക്കൽ ആനുകൂല്യങ്ങളും നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 152.2064 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2851-00-105-96-33—കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഖാദിയുടെ ചില്ലറ വില്പനയ്ക്കുള്ള പ്രത്യേക റിബേറ്റ് - സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 15 കോടി രൂപ (നോൺ പ്ലാൻ)

11. സംസ്ഥാനത്ത് ഖാദി വില്പനയ്ക്ക് റിബേറ്റ് നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 45 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2851-00-105-95-10—കേരള ഖാദി തൊഴിലാളി ക്ഷേമനിധി - സംഭാവന

ബഡ്ജറ്റ് വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

12. കേരള ഖാദി തൊഴിലാളി ക്ഷേമനിധി ചട്ടപ്രകാരം തൊഴിലാളി വിഹിതത്തിന് തുല്യതുക സർക്കാർ അംശദായമായും കൂടാതെ നിധിയിൽ നിന്നും അവശത/കുടുംബ പെൻഷനും വിവിധ ആനുകൂല്യങ്ങളും നൽകേണ്ടതുണ്ട് . ഈ ഇനത്തിൽ നാളിതുവരെ സർക്കാർ വിഹിതമായി 14.6135050 കോടി രൂപ കുടിശ്ശികയുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 14.6135050 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-87—ഖാദി ബോർഡിന്റെ നിലവിലുള്ള വില്പന കേന്ദ്രങ്ങൾ പുതുക്കുന്നതിനും കംപ്യൂട്ടർ വത്കരിക്കുന്നതിനും ഗോഡൗണുകൾ നവീകരിക്കുന്നതിനും

ബഡ്ജറ്റ് വിഹിതം : 1.20 കോടി രൂപ (പ്ലാൻ)

13. ഖാദി ഗ്രാമ വ്യവസായ ഉൽപ്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള വില്പനശാലകളുടെയും ഖാദി ഗ്രാമസൗഭാഗ്യകളുടെയും സംഭരണ ശാലകളുടെയും നവീകരണവും ആധുനികവൽക്കരണവും, പുതിയ വിൽപ്പന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, മൊബൈൽ സെയിൽസ് വാൻ വാങ്ങൽ, പ്രധാന ഗ്രാമസൗഭാഗ്യകളുടെ നവീകരണം, നിലവിലുള്ള ഗോഡൗണുകളുടെ നവീകരണവും ആധുനികവൽക്കരണവും പുതിയ പ്രൊജക്റ്റ് ഗോഡൗൺ സ്ഥാപിക്കൽ, പുതിയ ഖാദി ഗ്രാമസൗഭാഗ്യ സ്ഥാപിക്കൽ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 80 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2851-00-105-86—മറ്റു ഖാദി സ്ഥാപനങ്ങൾക്കുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

14. ഖാദി മേഖലയിലെ സഹകരണ സംഘങ്ങളുടെയും മറ്റു ഖാദി സ്ഥാപനങ്ങളുടെയും പുനരുജ്ജീവനമാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. പുതിയ തൊഴിലാളികൾക്കുള്ള ട്രെയിനിംഗ് ഖാദി സഹകരണ സംഘങ്ങളുടെയും സ്ഥാപനങ്ങളുടെയും നവീകരണം, സ്ഥാപനങ്ങൾക്കുള്ള പ്രവർത്തന മൂലധനം, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, സാങ്കേതിക വിദ്യ നവീകരിക്കൽ, പ്രീ ലൂം പ്രോസസ്സിംഗ് , സ്പിന്നിംഗ് , വീവിംഗ് , വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾ, സ്ത്രീ സൗഹൃദ തൊഴിലിടങ്ങൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി . മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 6 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2851-00-105-85—പ്രത്യേക തൊഴിൽ സൃഷ്ടിക്കൽ പദ്ധതി

ബഡ്ജറ്റ് വിഹിതം : 2.80 കോടി രൂപ (പ്ലാൻ)

15. പുതിയ ഗ്രാമ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സംരംഭകർക്ക് ആവശ്യമായ സാങ്കേതിക സഹായം, വിപണന സഹായം എന്നിവ നൽകുക മുതലായ ലക്ഷ്യങ്ങളോടെ ആരംഭിച്ച ഈ പദ്ധതിക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 2.80 കോടി രൂപ അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2851-00-105-66(03)—ഖാദി ഗ്രാമ വ്യവസായ വികസനം - ഖാദി ബോർഡ് കമ്പ്യൂട്ടർവത്ക്കരിക്കൽ

ബഡ്ജറ്റ് വിഹിതം : 60 ലക്ഷം രൂപ (പ്ലാൻ)

16. ഖാദി ബോർഡിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിനായും അതിന്റെ പരിപാലനത്തിനായും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 7 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2851-00-105-66-(04)—ഖാദി ഗ്രാമ വ്യവസായ വികസനം - തേനീച്ച വളർത്തൽ വ്യവസായവികസനം

ബഡ്ജറ്റ് വിഹിതം : ഇല്ല

17. തേനിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി തേനീച്ച കർഷകർക്ക് ആവശ്യമായ പരിശീലനം നൽകുക, തേനീച്ചയോടുകൂടിയ മേൽത്തരം തേനീച്ച പെട്ടികൾ സബ്സിഡി നിരക്കിൽ നൽകുക, തേൻ വിൽപ്പനയ്ക്കായി പുതിയ പൗച്ച് മേക്കിംഗ് മെഷീൻ വാങ്ങൽ എന്നിവ ലക്ഷ്യമിടുന്ന പ്രസ്തുത പദ്ധതിയ്ക്കായി ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 20 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-64—ഖാദി സിൽക്ക് വീവിംഗ് പ്രൊജക്റ്റ്

ബഡ്ജറ്റ് വിഹിതം : 60 ലക്ഷം രൂപ (പ്ലാൻ)

18. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിനു കീഴിൽ ഖാദി പട്ട് നെയ്ത്ത് വ്യാപിപ്പിക്കുന്നതിനായി തിരുവനന്തപുരം, കണ്ണൂർ, പാലക്കാട് എന്നിവിടങ്ങളിലുള്ള നെയ്ത്ത് യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതിനും സിൽക്ക് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതിനും സിൽക്ക് നെയ്ത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കൽ, സാങ്കേതിക നവീകരണം, പട്ടുൽപ്പന്നങ്ങളിലുള്ള ഡൈയിംഗ് & പ്രിന്റിംഗ് മുതലായവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2851-00-106-92(02)—വിപണന വികസന പദ്ധതി (50% കേന്ദ്ര സഹായ പദ്ധതി) - സംസ്ഥാന വിഹിതം

ബഡ്ജറ്റ് വിഹിതം : 10 കോടി രൂപ (പ്ലാൻ)

19. കയർ സഹകരണ സംഘങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ കയർ ഉൽപ്പന്നങ്ങളുടെ സുസ്ഥിരമായ ഉൽപ്പാദനം, തൊഴിലുറപ്പ് പ്രോത്സാഹിപ്പിക്കൽ, അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം, പുനരുദ്ധാരണം, പുതിയ വിപണന തന്ത്രം ആവിഷ്ക്കരിക്കൽ തുടങ്ങിയവ ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2851-00-106-34—വില വ്യതിയാന നിധി

ബഡ്ജറ്റ് വിഹിതം : 38 കോടി രൂപ (പ്ലാൻ)

20. കയർ മേഖലയിലെ സഹകരണ സംഘങ്ങളുടെ ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയുള്ള പ്രസ്തുത പദ്ധതിയിൻ കീഴിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും എന്നാൽ അർഹമായ തുക മുഴുവനും കൈപ്പറ്റാത്ത സഹകരണ സംഘങ്ങൾക്ക് ആധുനികവൽക്കരണത്തിനും വൈവിധ്യ വത്കരണത്തിനുമുള്ള പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ സഹായം നൽകുന്നതിനും കയർ വില പുനർനിർണ്ണയിച്ചതിലൂടെ ക്രയവില വ്യതിയാന ഫണ്ടിലെ കയർ ഫെഡിന്റെ ക്ലെയിമുകൾ വർദ്ധിച്ചതിനാലും മുൻ വർഷങ്ങളിലെ കുടിശ്ശിക കൊടുത്ത് തീർക്കാനുള്ളതിനാലും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2851-00-195-94—പീഡിതവും പ്രവർത്തന രഹിതവുമായ ഗ്രാമ വ്യവസായ സഹകരണ സംഘങ്ങളുടെയും ചാരിറ്റബിൾ സ്ഥാപനങ്ങളുടെയും പുനരുദ്ധാരണം.

ബഡ്ജറ്റ് വിഹിതം : ഇല്ല

21. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും എന്നാൽ നിലവിൽ പ്രവർത്തന രഹിതവും ശോച്യാവസ്ഥയിലുള്ളതുമായ 33 ഗ്രാമ വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനവും അതിലൂടെ ഗ്രാമ വ്യവസായ ഉത്പന്നങ്ങളുടെ ഉത്പാദനവും പുതിയ തൊഴിലവസരങ്ങളും ലക്ഷ്യമിടുന്ന ഈ പദ്ധതിയുടെ ശീർഷകം 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടില്ല.

ആയതിനാൽ പ്രസ്തുത ശീർഷകം പുനഃസ്ഥാപിക്കണമെന്നും പദ്ധതിയുടെ നടത്തിപ്പിനായി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.50 കോടി രൂപ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2852-08-600-90— ജൈവ കശുവണ്ടി കൃഷിക്കും തോട്ടണ്ടി ബാങ്ക് സ്ഥാപിക്കുന്നതിനും

ബഡ്ജറ്റ് വിഹിതം : 6.31 കോടി രൂപ (പ്ലാൻ)

22. സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപനം ത്വരിതപ്പെടുത്തുന്നതിനായി കശുമാവ് കൃഷിയുടെ പ്രാധാന്യം കർഷകരിലേയ്ക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ കശുമാവ് കർഷക കൂട്ടായ്മ രൂപീകരണവും കശുവണ്ടി സംഭരണവും ലക്ഷ്യമിടുന്ന പദ്ധതിക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2852-08-600-82—കശുവണ്ടി വികസന കോർപ്പറേഷൻ - ബ്രാൻഡ് പ്രൊമോഷൻ

ബഡ്ജറ്റ് വിഹിതം : 1.4 കോടി രൂപ (പ്ലാൻ)

4860-60-190-94—കെ. എസ് . സി. ഡി. സിയുടെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗികമായ യന്ത്രവൽക്കരണവും

ബഡ്ജറ്റ് വിഹിതം : 1.65 കോടി രൂപ (പ്ലാൻ)

23. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ റിക്വിസിഷൻ & അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുത്തിട്ടുള്ള 20 ഫാക്ടറികൾ ന്യായവില നൽകി ഏറ്റെടുക്കുന്നതിന് ആവശ്യമായ 62.05 കോടി രൂപയും 2022 മുതൽ 2024 വരെയുള്ള വർഷങ്ങളിൽ വിരമിച്ച തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിനാവശ്യമായ 8 കോടി രൂപയും ഉൾപ്പെടെ 70.05 കോടി രൂപ ആവശ്യമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകങ്ങളിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 70.05 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2852-08-600-81—ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗും കമ്പോള ബോധവൽക്കരണവും (കാപ്പെക്സ്)

ബഡ്ജറ്റ് വിഹിതം : 30 ലക്ഷം രൂപ (പ്ലാൻ)

4851-00-195-99—കാപ്പെക്സിൽ ഓഹരി മൂലധന സഹായ നിക്ഷേപങ്ങൾ

ബഡ്ജറ്റ് വിഹിതം : 2.7 കോടി രൂപ (പ്ലാൻ)

24. കാപ്പെക്സിന്റെ 10 ഫാക്ടറികൾ, പാക്കിംഗ് സെന്റർ എന്നിവിടങ്ങളിൽ വിവിധ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും 2021 മുതൽ 2024 വരെയുള്ള കാലയളവിൽ വിരമിച്ച ജീവനക്കാർക്കുള്ള ഗ്രാറ്റുവിറ്റി, മുൻ ഉടമയുടെ കാലത്തുള്ള വിവിധ കോടതി ഉത്തരവുകൾ പ്രകാരമുള്ള ഗ്രാറ്റുവിറ്റി എന്നിവ നൽകുന്നതിനും ആംനെസ്റ്റി സ്കീം നടപ്പിലാക്കുന്നതിനുമായി 23.5 കോടി രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു . ആയതിനാൽ മേൽ ശീർഷകങ്ങളിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 23.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2852-08-600-79—നഷ്ടപ്പെട്ട ഉപജീവനം പുനഃസൃഷ്ടിക്കുന്നതിന് ചെറിയ , ഇടത്തരം കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുദ്ധാരണം

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പ്ലാൻ)

25. പ്രവർത്തന മൂലധനത്തിനും നവീകരണത്തിനുമായുള്ള വായ്പകൾക്ക് പലിശ ഇളവ് , മൂലധന ഗ്രാന്റ് എന്നീ രീതികളിൽ സഹായം നൽകികൊണ്ട് ചെറുകിട ഇടത്തരം കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുജ്ജീവനത്തിനായി നടപ്പിലാക്കുന്ന പദ്ധതിയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2852-08-600-75—സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം, പുനരുദ്ധാരണം, ഉയർത്തെഴുന്നേൽപ്പ്

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പ്ലാൻ)

26. കേരളത്തിലെ സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി വായ്പാ സബ്സിഡികൾ, പ്രോത്സാഹന പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നതിലൂടെ കശുവണ്ടി തൊഴിലാളികൾക്ക് തൊഴിലും മാന്യമായ വേതനവും ഉറപ്പാക്കുന്നതിനും ആരോഗ്യകരവും സ്ത്രീ സൗഹൃദവുമായ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ലക്ഷ്യമിടുന്ന പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 3.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2852-80-003-94-04(1)—വ്യാവസായിക സ്ഥിതി വിവരഘടകങ്ങൾ -യാത്രാചെലവുകൾ - യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

27. വാർഷിക വ്യാവസായിക സർവ്വേയുമായി ബന്ധപ്പെട്ട വിവരശേഖരണത്തിനായി 14 ജില്ലകളിലുമായി ജോലിചെയ്യുന്ന 15 ജീവനക്കാർക്ക് യാത്രാബത്ത ഇനത്തിൽ 51,307 രൂപ കുടിശ്ശിക ഉള്ളതായി വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 51,307 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2853-02-001-98-97—ജില്ലാഘടകങ്ങളുടെ രൂപീകരണം - വാഹനങ്ങളുടെ വാടക

ബഡ്ജറ്റ് വിഹിതം : 93 ലക്ഷം രൂപ (പ്ലാൻ)

28. ധാതുനിക്ഷേപം കണ്ടെത്തുന്നതിനായുള്ള സ്ഥലപരിശോധന, ധാതു കടത്ത് തടയുന്നതിനുള്ള പരിശോധന എന്നിവയ്ക്കായി മൈനിംഗ് & ജിയോളജി വകുപ്പ് ഉപയോഗിക്കുന്ന വാഹനങ്ങളുടെ വാടകയിനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.27 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു

2853-02-001-97 —ഇ - ഗവേണൻസ് പദ്ധതി നടപ്പാക്കൽ

ബഡ്ജറ്റ് വിഹിതം : 1.5 കോടി രൂപ (പ്ലാൻ)

29. സംസ്ഥാനത്തെ ധാതു പര്യവേഷണ രംഗത്ത് കാര്യക്ഷമതയും സുതാര്യതയും കൊണ്ടുവരുന്നതിനുള്ള മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ നിലവിലുള്ള ഇ-ഗവേണൻസ് സംവിധാനമായ KOMPAS പോർട്ടലിന്റെ ന്യൂനതകൾ പരിഹരിച്ച് KOMPAS 2.0 ആയി മാറ്റുന്നതിലേയ്ക്കും ഡ്രോൺ ലിഡാർ സർവ്വേയ്ക്കും KSWAN കണക്ഷനുമായി ബന്ധപ്പെട്ട ചെലവുകൾ വഹിക്കുന്നതിലേയ്ക്കും വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിലും ജില്ലാ ഓഫീസുകളിലും പുതുതായി UPS സ്ഥാപിക്കുക, സെക്യൂരിറ്റി ഓഡിറ്റിംഗ്, സോഫ്റ്റ്‌വെയർ ഹാർഡ്‌വെയർ ഉപകരണങ്ങൾക്കുള്ള AMC എന്നിവയ്ക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4.4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

4851-00-101-86—സൂക്ഷ്മ/ചെറുകിട/വ്യവസായ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം

ബഡ്ജറ്റ് വിഹിതം : 18 കോടി രൂപ (പ്ലാൻ)

30. വ്യവസായ-വാണിജ്യ ഡയറക്ടറേറ്റിന്റെ നിയന്ത്രണത്തിലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും നവീകരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

4851-00-102-89—വിവിധോദ്ദേശ്യ വ്യാപാര പ്രോത്സാഹന കേന്ദ്രങ്ങൾ

ബഡ്ജറ്റ് വിഹിതം : 4.75 കോടി രൂപ (പ്ലാൻ)

31. പരമ്പരാഗത ഉത്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ പി.പി.പി. മാതൃകയിൽ വിപണന പ്രോത്സാഹന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും വിവിധ പരമ്പരാഗത വിപണികളുടെ പരിവർത്തനം കണക്കിലെടുത്തുകൊണ്ട് ബിസിനസ് മാതൃകകൾ വികസിപ്പിക്കുന്നതിനുമായി ലക്ഷ്യമിടുന്ന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ആലപ്പുഴയിലെ ജില്ലാ വ്യവസായ കേന്ദ്രത്തിൽ വ്യാപാര പ്രോത്സാഹന കേന്ദ്രങ്ങളും ജില്ലാ വ്യവസായ കേന്ദ്ര കെട്ടിടവും ചേർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

4851-00-104-99—കരകൗശല മേഖലയിലുള്ള അപ്പക്സ് ഓർഗനൈസേഷനുകൾക്കുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

32. സുരഭി ഉൾപ്പെടെയുള്ള നാലു സംസ്ഥാനതല സ്ഥാപനങ്ങൾക്കാണ് ബഡ്ജറ്റ് വിഹിതം അനുവദിച്ചിരിക്കുന്നതെന്നും സുരഭിയുടെ സാമ്പത്തിക പ്രതിസന്ധികൾ കാരണം റവന്യൂ റിക്കവറി നടപടികളെ തുടർന്ന് പ്രസ്തുത സ്ഥാപനം അടച്ചുപൂട്ടലിന്റെ വക്കിൽ എത്തി നിൽക്കുകയാണെന്നും വിലയിരുത്തിയ സമിതി അടിയന്തര സഹായമെന്ന നിലയിൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

4858-60-190-83—കെ.ഇ.എൽ. - ഇ.എം.എൽ.-നുള്ള മൂലധന നിക്ഷേപം (മുൻ ബി.എച്ച്.ഇ. എൽ. -ഇ.എം.എൽ. )

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ (പ്ലാൻ)

33. ബി. എച്ച് .ഇ. എൽ. – ഇ. എം. എൽ. എന്ന സംയുക്ത സംരഭത്തെ സംസ്ഥാന പൊതുമേഖലാ സ്ഥാപനമാക്കി മാറ്റിയ കെ.ഇ.എൽ - ഇ.എം.എൽ.-ന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും ജീവനക്കാരുടെ മുടങ്ങിയിരിക്കുന്ന ശമ്പളവും മറ്റു ആനുകൂല്യങ്ങളും നൽകുന്നതിലേയ്ക്കും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പനിയുടെ ഉൽപ്പന്നമായ ആൾട്ടർനേറ്ററുകളുടെ നവീകരണത്തിനായും ഉൽപ്പാദന ചെലവ് കുറയ്ക്കുന്നതിനും ഓഫീസിൽ ഓട്ടോമേഷൻ മുഖേന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പുതിയ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കും ടെസ്റ്റ് ബെഡ് നവീകരിക്കുന്നതിനുമായി നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

4859-02-004-89—ഇലക്ട്രോണിക് ഹാർഡ് വെയർ ടെക്നോളജി ഹബ്

ബഡ്ജറ്റ് വിഹിതം : 20 കോടി രൂപ (പ്ലാൻ)

34. 2025-26 സാമ്പത്തിക വർഷം കെൽട്രോണിന്റെ ഫ്ലാഗ്ഷിപ്പ് പ്രോജക്ടായി പ്രഖ്യാപിച്ചിട്ടുള്ള ഇലക്ട്രോണിക് പാക്കേജ് ടെസ്റ്റ് ഫെസിലിറ്റി പദ്ധതിയ്ക്കായും പവർ സെമി കണ്ടക്ടർ പാക്കേജിങ് ഫെസിലിറ്റി പദ്ധതിയ്ക്കുള്ള CAPEX നിക്ഷേപത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 51.27 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

4860-60-190-90—കേരള റബ്ബർ ലിമിറ്റഡ്

ബഡ്ജറ്റ് വിഹിതം : 9 കോടി രൂപ (പ്ലാൻ)

35. കേരള റബ്ബർ ലിമിറ്റഡിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി വ്യവസായ പ്രവർത്തനങ്ങൾ പുനഃരാരംഭിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

4885-01-190-95—കെൽട്രോൺ കംപോണന്റ്സ് കോംപ്ലക്സ് ലിമിറ്റഡിന് സർക്കാർ ഇക്വിറ്റി മൂലധനം

ബഡ്ജറ്റ് വിഹിതം : 6 കോടി രൂപ (പ്ലാൻ)

36. കെൽട്രോൺ കംപോണന്റ്സ് കോംപ്ലക്സ് ലിമിറ്റഡിൽ സൂപ്പർ കപ്പാസിറ്റർ, KVAR കപ്പാസിറ്റർ, MPP മോട്ടോർ സ്റ്റാർ കപ്പാസിറ്റർ, റസിസ്റ്റർ എന്നിവയുടെ ഉല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിലേയ്ക്കും, കപ്പാസിറ്റർ ഉല്പാദന കേന്ദ്രത്തിന്റെ വികസനവും നവീകരണവും പദ്ധതിയ്ക്കായും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

4885-60-190-92—കേരള ലൈഫ് സയൻസസ് ഇൻഡസ്ട്രീസ് പാർക്ക് പ്രൈവറ്റ് ലിമിറ്റഡ്

ബഡ്ജറ്റ് വിഹിതം : 37.92 കോടി രൂപ (പ്ലാൻ)

37. കേരളത്തിലെ ആദ്യത്തേതും കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന് കീഴിൽ വരുന്നതുമായ ബയോ 360 ലൈഫ് സയൻസസ് പാർക്കിന്റെ നിലവിലുള്ള പദ്ധതികളുടെ പൂർത്തീകരണത്തിനായും ലാൻഡ് അക്വിസിഷനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 61.02 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു .

38. ബയോ 360 ലൈഫ് സയൻസസ് പാർക്കിന്റെ കീഴിൽ വരുന്ന മെഡിക്കൽ ഡിവൈസസ് പാർക്കിന്റെ നിലവിലുള്ള പദ്ധതികളുടെ പൂർത്തീകരണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 80.30 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

6851-00-190-86—കേരള ബാംബൂ കോർപ്പറേഷനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 4 കോടി രൂപ (പ്ലാൻ)

39. നിലവിലുള്ള പ്ലാന്റ് ആൻഡ് മെഷിനറികളുടെ നവീകരണ പദ്ധതിയുടെ ഡി.പി.ആർ. പ്രകാരം പദ്ധതി ചെലവിനായും ഉത്പന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുന്നതിനുള്ള പുതിയ രീതികൾ അവലംബിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

6853-60-190-97—ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്

ബഡ്ജറ്റ് വിഹിതം : 19.69 കോടി രൂപ (പ്ലാൻ)

40. ടൈറ്റാനിയം ഡയോക്സൈഡിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും, ഇന്ധന പരിവർത്തനം നടത്തുന്നതിനും ജലശുദ്ധീകരണ പ്ലാന്റ്, വായു മലിനീകരണ നിയന്ത്രണ പ്ലാന്റ് , മെറ്റീരിയൽ ഹാൻഡ്‌ലിംഗ് യൂണിറ്റ്, ഇൽമനൈറ്റ് ഗ്രൈൻഡിങ് മിൽ, കോട്ടഡ് റൂട്ടൽ പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 18.51 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

6858-01-190-94—യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 3 കോടി രൂപ (പ്ലാൻ)

41. കമ്പനിയുടെ ആധുനികവത്കരണത്തിന്റെ ഭാഗമായി 2025-26 സാമ്പത്തിക വർഷം പുതിയ ഉത്പന്ന ശ്രേണി കണ്ടെത്തി കമ്പനിയുടെ പ്രവർത്തനങ്ങളെ ലാഭത്തിലാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിയ്ക്ക് നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു .

6858-02-190-94—മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 14 ലക്ഷം രൂപ (പ്ലാൻ)

42. മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ ആധുനികവത്കരണത്തിന്റെ ഭാഗമായി 2 ടൺ ഓപ്പൺ ഹാമ്മർ സ്ഥാപിക്കുന്ന പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4.45 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

6858-03-190-99—കേരള ആട്ടോമൊബൈയിൽസ് ലിമിറ്റഡ് ത്രീവീലർ പ്രോജക്ട്

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ (പ്ലാൻ)

43. കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ ഇ - റിക്ഷ, ഇ - പിക്കപ്പ് വാൻ, ഇ - ടിപ്പർ മുതലായ വിവിധയിനം വാഹനങ്ങൾ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി ഉത്പാദിപ്പിക്കുന്നതിനും ടൈ സ്കൂട്ടർ , സി.എൻ.ജി. ഓട്ടോ , പിക്കപ്പ് , ടിപ്പർ

തുടങ്ങിയവയുടെ പുതിയ മോഡലുകൾ രൂപകൽപന ചെയ്ത് നിർമ്മാണം ആരംഭിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

6858-60-190-89—ഓട്ടോക്കാസ്റ്റ് ലിമിറ്റഡിനുള്ള വായ്പ

ബഡ്ജറ്റ് വിഹിതം : 7.45 കോടി രൂപ (പ്ലാൻ)

44. ഓട്ടോകാസ്റ്റിന്റെ സമഗ്ര നവീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ട് തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള ഹ്രസ്വകാല പദ്ധതികൾ പൂർത്തിയാക്കുന്നതിനും കൂടാതെ രണ്ട് മെഗാ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനും ഒന്നാം ഘട്ടത്തിന്റെയും രണ്ടാം ഘട്ടത്തിന്റെയും ആധുനികവൽക്കരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 47 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

6860-01-190-97—സീതാറാം ടെക്സ്റ്റൈയിൽസിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 1.08 കോടി രൂപ (പ്ലാൻ)

45. മില്ലിന്റെ നിലവിലുള്ള നവീകരണത്തിന്റെ പൂർത്തീകരണം, ആധുനികവത്കരണം പഴയ മെഷീനറികളുടെ അറ്റകുറ്റപണികൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 38 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

6860-01-190-95—കേരള സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന് വായ്പകൾ

ബഡ്ജറ്റ് വിഹിതം : 18.86 കോടി രൂപ (പ്ലാൻ)

46. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷനു കീഴിലുള്ള ഏഴു യൂണിറ്റുകൾക്കുള്ള അഗ്നി ശമന സംവിധാനം, മലബാർ സ്പിന്നിങ് ആൻഡ് വീവിങ് മിൽ നവീകരണം, ബ്ലോറൂം ലൈൻ സംവിധാനം, കോമളപുരം സ്പിന്നിങ് ആൻഡ് വീവിങ് മില്ലിൽ ഉൾപ്പെടെ സൗരോർജ പ്ലാന്റ് സ്ഥാപിക്കൽ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 23.18 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

6860-60-190-94—കേരള സിറാമിക്സ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 5.6 കോടി രൂപ (പ്ലാൻ)

47. കേരള സിറാമിക്സ് ലിമിറ്റഡിൽ ഉത്പാദനശേഷി സ്ഥിരത കൈവരിക്കുന്നതിനും പുതിയ ഖനന ഭൂമി വാങ്ങുന്നതിനും നിലവിലുള്ള ടെസ്റ്റിംഗ് ലാബിന്റെയും ഓഫീസ് കെട്ടിടത്തിന്റെയും ആധുനികവൽക്കരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

6860-60-190-78—കേരള കശുവണ്ടി ബോർഡ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 41 കോടി രൂപ (പ്ലാൻ)

48. കേരള കശുവണ്ടി ബോർഡിന്റെ വായ്പ തിരിച്ചടവ് സുഗമമാക്കുന്നതിനും തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് ആവശ്യമായ പ്രവർത്തന മൂലധനത്തിനും പ്രതിവർഷം തൊഴിലാളികൾക്ക് 156 ദിവസമെങ്കിലും തൊഴിൽ ഉറപ്പാക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 39 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

6885-01-190-97—കേരള സംസ്ഥാന വ്യാവസായിക എന്റർപ്രൈസസ് ലിമിറ്റഡ് - വായ്പകൾ

ബഡ്ജറ്റ് വിഹിതം : 4 കോടി രൂപ (പ്ലാൻ)

49. വിഴിഞ്ഞത്ത് കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ സ്ഥാപിക്കുന്ന പദ്ധതിയോട് അനുബന്ധിച്ച് ലിക്വിഡ് ഹാൻഡ് വാഷ് സോപ്പ് നിർമ്മാണത്തിനായുള്ള പ്ലാന്റും മെഷിനറിയും സ്ഥാപിക്കുന്നതിനായി 2024-25 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിച്ചിരുന്നുവെങ്കിലും തുക ലഭ്യമാകാത്തതിനെത്തുടർന്ന് ഒരു കാർട്ടൺപാക്കിംഗ് മെഷീൻ സ്ഥാപിച്ച് പദ്ധതി പൂർത്തീകരിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2025 ഫെബ്രുവരി 27.

**പി. രാജീവ്,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി IV.*

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.